# മാമ്പൂക്കൾ വാടി

മാമ്പൂക്കൾ വാടിക്കൊഴിഞ്ഞു വീണു; നിലാ–
വേതോ നിഴലുകൾ മാച്ചും വരച്ചുമീ
ത്താഴ്‌വരയികലിറങ്ങി വന്നു; പുഷ്യ–
രാഗകിരീടമണിഞ്ഞ മുളങ്കാടു
മൂകമായ് നിന്നു; വിദൂരതയിങ്കൽ നി–
ന്നാരാണിതെന്നെ വിളിച്ചു പാടുന്നതീ
രാത്രിയിലേകാന്ത യാമത്തിലിപ്പൊഴും?

ഈ നിശാഗന്ധിച്ചുവട്ടിലോ, ചമ്പകം
പൂത്തുലയുന്ന വനത്തിലോ കേട്ടതീ–
യീണവും താളവും? ഇത്തരി നേരമീ
പ്പാതവക്കത്തു ഞാനോർമ്മിച്ചു നിന്നു പോയ്.

നീലക്കടമ്പുകൾ പൂത്ത മലകളും
ഏഴിലം പാലപ്പൂകാവിൻ തണൽകളും
ഏഴു കടലുകൾക്കപ്പുറം കല്യാണ
സൗഗന്ധികപ്പൂവനങ്ങളും തേടി ഞാൻ.



ഈക്കടൽത്തീരത്തലഞ്ഞു നടന്നു ഞാൻ
ചിപ്പിയും കക്കയും ശംഖും പെറുക്കുവാൻ

പാഴ്‌നര കേറിക്കഴിഞ്ഞ തലയുമായ്
കാണാൻ കഴിയാത്ത കണ്ണുമായേകനായ്
ഈക്കടൽത്തീരത്തലഞ്ഞു നടന്നു ഞാൻ
ചിപ്പിയും കക്കയും ശംഖും പെറുക്കുവാൻ.

ഭാരം ചുമന്നീമലയടി വാരത്തു
ദാഹിച്ചു കൂനിത്തളർന്നു വരുമ്പൊഴും
ഈ വളപ്പൊട്ടുകളല്ലാതെയൊന്നുമെൻ
കൈകൾക്കു നേടാൻ കഴിഞ്ഞില്ലിതു വരെ.

ഈറൻ ചിറകിട്ടടിച്ചു പറക്കുവാ–
നാകാതെ യോർമ്മകൾ നോക്കിയിരിക്കവേ
ആരാണിതെന്നെ വിളിച്ചു പാടുന്നതീ
രാത്രിയിലേകാന്ത യാമത്തിലിപ്പൊഴും? ■